**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസുകളുടെ അന്തർ സംസ്ഥാന സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തേക്കുള്ള നികുതി അടയ്ക്കാതെ സ്വകാര്യ ബസ്സുകൾ അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>അത്തരത്തിൽ സംസ്ഥാനത്തിനുള്ള നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നപക്ഷം വാഹനം പിടിച്ചെടുത്ത് ഇരട്ടി നികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കേരള സംസ്ഥാനം തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി മോട്ടോർ വാഹന നിയമം 1939 സെക്ഷൻ 63 (ഉപവകുപ്പ് 3B) പ്രകാരം അന്തർസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രസ്തുത കരാർ പ്രകാരം വാഹനം രജിസ്റ്റർ ചെയ്ത സംസ്ഥാനത്ത് മാത്രം നികുതി അടച്ച് (Single Point Tax) സ്റ്റേജ് കാര്യേജ് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസുകളും ഉണ്ട്. |
| (ബി) | കാരോട് - മുക്കോല ബൈപ്പാസിൽ ചെക്ക്പോസ്റ്റോ മറ്റ് സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കാരോട് മുക്കോല ബൈപാസ്സിൽ ചെക്ക് പോസ്റ്റോ മറ്റ് സംവിധാനങ്ങളോ നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. കാരോട് - മുക്കോല ബൈപ്പാസിൽ ഉൾപ്പെടെ നികുതി ചോർച്ച ഒഴിവാക്കുവാൻ കാര്യക്ഷമവും ഫലപ്രദവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. നിലവിൽ കാരോട് - മുക്കോല ബൈപാസ്സിൽ ചെക്ക് പോസ്റ്റുകൾ ഇല്ലെങ്കിലും 24*7 എന്ന ക്രമത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ വിന്യസിച്ചിട്ടുണ്ട്. |
| (സി) | ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിച്ച് നികുതി ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 06 .09.2021 ലെ RT- 23018/47/2021/T, 03.10.2023 ലെ RT-23018/19/2023-T നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനങ്ങളിലെ അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനവും ചെക്ക് |

| | | | |
|---|---|---|---|
| | | | പോസ്റ്റുകൾ നിർത്തലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>വിവര സാങ്കേതിക - കമ്മ്യൂണിക്കേഷൻ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തി നിലവിലുള്ള അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് പകരം "വെർച്ചൽ ചെക്ക് പോസ്റ്റുകൾ" ഏർപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നികുതി ചോർച്ച ഒഴിവാക്കുവാൻ കാര്യക്ഷമവും ഫലപ്രദവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പുമായി സഹകരിച്ച് അതിർത്തി കടന്നു വരുന്ന വാഹനങ്ങളുടെ നികുതി വെട്ടിപ്പും ഇതര നിയമ ലംഘനങ്ങളും കണ്ടെത്തി നിയമ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ